II ഇ.ബി. XII കേരള നിയമസഭ/ VIII-5

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2008 ജൂൺ 27, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ.**

13 (*121)&(*149) സർക്കാർ ആശുപത്രികളിലെ ശുചീകരണ പ്രവർത്തനങ്ങൾ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽ സർക്കാർ ആശുപത്രികളിൽ ജീവനക്കാരുടെ ദൗർലഭ്യം കാരണം ശുചീകരണ പ്രവർത്തനങ്ങൾ താളംതെറ്റിയ നിലയിലായിരുന്നു വെന്നും ഈ പ്രശ്നം പരിഹരിക്കുന്നതിന് ഊർജ്ജിതമായി ഇടപെടുകയും 1607 ഗ്രേഡ്-2 അറ്റൻഡർമാരെ പുതുതായി നിയമിക്കുകയും ചെയ്തുവെന്ന് സഭയെ അറിയിച്ചു. ഇതിനുപുറമേ 1068 പാർട്ട് ടൈം സ്വീപ്പർമാരെ 14 ജില്ലകളിലുമായി നിയമിച്ചു. സന്ദർശകരുടെ തിരക്ക് സർക്കാർ ആശുപത്രികളുടെ ശുചിത്വ പരിപാലനത്തെ സാരമായി ബാധിച്ചിരുന്നു. ഇതൊഴിവാക്കുവാൻ പാസ്സ് സംവിധാനം ഏർപ്പെടുത്തി സന്ദർശകരെ നിയന്ത്രിച്ചു. പ്ലാസ്റ്റിക് ബാഗുകളും മറ്റും ആശുപത്രിക്കകത്തും പരിസരങ്ങളിലും പൂർണ്ണമായി നിരോധിച്ചു. മാലിന്യങ്ങൾ

നിക്ഷേപിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തി. ആശുപത്രികളും വാർഡുകളും രാത്രിയിൽ ശുചീകരിക്കുന്നതിന് നടപടി സ്വീകരിച്ചു. രോഗികളുടെ കൂട്ടിരിപ്പുകാർ വാർഡിലിരുന്ന് ഭക്ഷണം കഴിക്കുന്നതും നിരോധിച്ചു. ശുചിത്വ പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കുന്നതിന് ജീവനക്കാരെ ഉൾപ്പെടുത്തി ഹൗസ്കീപ്പിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് വർഷങ്ങൾക്കു മുൻപ് പൈ കമ്മീഷൻ ശുപാർശ ചെയ്തിരുന്നുവെങ്കിലും നടപ്പാക്കിയിരുന്നില്ല. ഈ സർക്കാർ അധികാര ത്തിൽ വന്നതിനുശേഷം ആദ്യഘട്ടമായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും, സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രികളിലും ഹൗസ്കീപ്പിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. ഒരു ടെക്നിക്കൽ ആഫീസറുടെ കീഴിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, നേഴ്സിംഗ് സൂപ്രണ്ട്, ഹെഡ് നേഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി അതാത് ആശുപത്രികളിലെ ശുചീകരണവുമായി ബന്ധപ്പെട്ട് അവരവർക്ക് നൽകിയിട്ടുള്ള ജോലികൾ ദിവസേന ഏറ്റെടുത്ത് നടത്തുന്നു. ഹൗസ് കീപ്പിംഗ് സംവിധാനം ആശുപത്രികളിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് വളരെ ഗുണം ചെയ്യുന്നുവെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താലൂക്കാശു പത്രിവരെ മുഴുവൻ ആശുപത്രികളിലും ഹൗസ്കീപ്പിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിക്കുകയും ഇതനുസരിച്ച് വിവിധ ആശുപത്രികളിൽ ഹൗസ്കീപ്പിംഗ് കമ്മിറ്റികൾ രൂപീകരിച്ച് വരികയുമാണ്. ആശുപത്രികളിൽ മാലിന്യ സംസ്ക്കരണം യഥാവിധി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1998-ലെ കേന്ദ്ര ഗവൺമെന്റിന്റെ ബയോ മെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ്) റൂൾസിന്റെ

അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ മാലിന്യ സംസ്കരണത്തെ സംബന്ധിക്കുന്ന സർക്കാർ ഉത്തരവ് നിലവിലുണ്ട്. ബയോ മെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി സംസ്ഥാന സർക്കാരും പൊല്യൂഷൻ കൺട്രോൾ ബോർഡും കൂടി തീരുമാനിച്ച് ഇൻഡ്യൻ മെഡിക്കൽ അസോസിയേഷനുമായി ഒരു ധാരണാ പത്രം ഒപ്പുവയ്ക്കുകയും ആയതുപ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 100 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിൽ മാലിന്യ നിർമ്മാർജ്ജനം ചെയ്തുവരികയും ചെയ്യുന്നു. സംസ്ഥാനത്തെ വലിയ ആശുപത്രികളിൽ ഇൻസിനറേറ്റർ, നീഡിൽ ക്രഷൻ തുടങ്ങിയ സംവിധാനങ്ങളുമുണ്ട്. ചെറിയ ആശുപത്രികളിൽ ഇത്തരത്തിലുള്ള മാലിന്യങ്ങൾ വീണ്ടും ഉപയോഗിക്കാത്ത തരത്തിൽ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനമുണ്ട്. ഒരിക്കൽ ഉപയോഗിച്ച ഡിസ്പോസിബിൾ സിറിഞ്ചുകൾ വീണ്ടും പായ്ക്ക് ചെയ്ത് വിപണിയിൽ എത്തിക്കുന്നതു സംബന്ധിച്ച് ഒരു പരാതിയും ആരോഗ്യ വകുപ്പിൽ ലഭിച്ചിട്ടില്ല. പരാതി കിട്ടിയാൽ അന്വേഷിക്കുന്നതാണ്. ജീവനക്കാരുടെ കുറവ് പൊതുവേ അനുഭവപ്പെടുന്ന സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ 1961--നുശേഷം ഇതുവരെ പുതുക്കിയിട്ടില്ല. ഈ ഗവണ്മെന്റ് അധികാര ത്തിൽ വന്നശേഷം എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് ലിസ്റ്റ് എടുത്ത് ഇന്റർവ്യൂ നടത്തി തിരുവനന്തപുരം ജില്ലയിലെ വിവിധ ആശുപത്രി കളിൽ 20 ഗ്രേഡ്-2 അറ്റൻഡർമാരുടെ നിയമനം നടത്തിയിട്ടുണ്ട്. അത്ത രത്തിൽ മറ്റു ജില്ലകളിലും ചെയ്തിട്ടുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ഹെൽത്ത് സർവ്വീസിൽ (ഐ.എസ്.എം. ഉൾപ്പെടെ) പുതുതായി

7653 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മിക്കവാറും എല്ലാ സർക്കാർ ആശുപത്രികളിലും രോഗികൾ സ്വന്തമായി കൊണ്ടുവരുന്ന ബെഡ്ഷീറ്റുകളാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഇപ്പോൾ അതിന് മാറ്റം വന്നിട്ടുണ്ട്. മെഡിക്കൽകോളേജുകളിൽ ബെഡ്ഷീറ്റുകൾ ഗവണ്മെന്റ് വാങ്ങിക്കൊടുക്കുകയോ അല്ലെങ്കിൽ സ്പോൺസർഷിപ്പിലൂടെ വാങ്ങുകയോ ആണ് ചെയ്യുന്നത്. കേരളത്തിലെ പല പ്രൈവറ്റ് ആശുപത്രികളിലും ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് പ്രശ്നം പരിഹരിക്കുന്നതിന് സംവിധാനമുണ്ട്. എന്നാൽ ആ സംവിധാനം ഇല്ലാത്ത സ്വകാര്യ ആശുപത്രികളിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിനെ ഇടപെടുത്തിയിട്ടുണ്ടെന്ന് മാത്രമല്ല തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നോട്ടീസ് കൊടുക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പ്ളാൻ ഫണ്ടിലുൾപ്പെടുത്തി പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ ബയോ മെഡിക്കൽ വേസ്റ്റ് ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ 90 ശതമാനവും തദ്ദേശഭരണസ്ഥാപനങ്ങളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. തദ്ദേശഭരണസ്ഥാപനങ്ങളുടെ കീഴിൽ മെയിന്റനൻസ് ഗ്രാന്റ് പ്ളാൻ ഫണ്ടിലുൾപ്പെടുത്തിക്കൊണ്ടാണ് ആശുപത്രി കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ നടത്തുന്നത്. ഇതിനു പുറമേ കഴിഞ്ഞ വർഷവും ഈ വർഷവും ഒരോ സി.എച്ച്.സി.-ക്കും പി.എച്ച്.സി.-ക്കും 2.5 ലക്ഷം രൂപ വീതവും ജില്ലാ ആശുപത്രികൾക്കും ജനറൽ ആശുപത്രികൾക്കും 5 ലക്ഷം രൂപ വീതവും നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ട് വഴി കൊടുത്തിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ ശുചീകരണപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനുള്ള ചുമതല എച്ച്.എം.സി.-ക്കാണ്. വിഷമയമായ വാതകം അന്തരീക്ഷ

ത്തിൽ കലർന്ന് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ ഇൻസിനറേറ്ററുകൾ നിരുൽസാഹപ്പെടുത്തുകയാണ് ചെയ്യുന്നത്. കാസർകോഡ് ജില്ലയിൽ പടർന്നുപിടിച്ചിട്ടുള്ള ചിക്കുൻ ഗുനിയ തടയുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാസർകോട് ജില്ലാ ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി ഒരു കോടി രൂപ കൈമാറിയിട്ടുണ്ട്. അവിടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ളാന്റ് സ്ഥാപിക്കുന്നതിനായി നഗരസഭ മുൻകയ്യെടുക്കേണ്ടതാണ്. താലൂക്കാശുപത്രികളുടെ വേസ്റ്റ് മാനേജ്മെന്റ് പൂർണ്ണമായും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ വരുന്ന കാര്യമാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിൽ കോട്ടയത്ത് വേസ്റ്റ് മാനേജ്മെന്റ് ട്രീറ്റ്മെന്റ് പ്ളാന്റ് സ്ഥാപിക്കാൻ നിദ്ദേശം കൊടുത്തിട്ടുണ്ട്. സർക്കാർ ആശുപത്രികളുടെ സ്റ്റാൻഡേർഡൈസേഷൻ ഇതുവരെ നിശ്ചയിച്ചിട്ടില്ല. ബെഡ് സ്ട്രെംഗ്ത് അനുസരിച്ച് ഏകീകൃതമായ രീതിയിൽ ആശുപത്രികളെ ക്രമീകരിക്കുന്ന സമയത്ത് പാറശ്ശാല ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കുന്നതാണ്. മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന എറണാകുളം ജനറൽ ആശുപത്രിക്ക് ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തു നിന്ന് വേണ്ട സഹായമെല്ലാം ചെയ്യുന്നതാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം 2500-ഓളം ക്ളീനിംഗ് സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. ഗ്രേഡ് 2 അറ്റൻഡർമാരായി ഓരോ ജില്ലയിൽ നിന്നും ഇന്റർവ്യൂ നടത്തി 7 കൊല്ലം മുമ്പ് പോസ്റ്റ് ചെയ്ത 908 പേരെ ഹൈക്കോടതി ഉത്തരവിന്റെ ഫലമായി പിരിച്ചുവിടാൻ സാധിക്കാതെ കണ്ടിന്യൂ ചെയ്യുകയാണ്. അവർ സ്ഥിരമല്ലാത്തതിനാൽ അവരെ പ്രൊമോഷൻ തസ്തികയിലേയ്ക്കോ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയി

ലേയ്ക്കോ പോസ്റ്റ് ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അവർ റിട്ടയർ ചെയ്യുന്നതോടുകൂടി ആ പോസ്റ്റുകൾ വേക്കന്റായിട്ട് കിടക്കുമെന്നതിനാൽ ഈ 908 പേരുടെ സീനിയോറിറ്റി ലിസ്റ്റ് എടുത്ത് അവരെ റെഗുലറൈസ് ചെയ്ത് പെൻഷനബിളാക്കി മാറ്റിയിട്ടുണ്ട്. ഇനി അവർക്ക് പ്രൊവിഷണൽ പ്രൊമോഷൻ കൊടുത്ത് നഴ്സിംഗ് അസിസ്റ്റന്റാക്കി മാറ്റുന്നതോടുകൂടി 908 പുതിയ തസ്തിക വരികയാണ്. ജനറൽ ഹോസ്പിറ്റലുകളിൽ പേവിഷബാധയ്ക്കുള്ള മരുന്നിന് ദൗർലഭ്യമുണ്ടെങ്കിൽ അത് പരിഹരിക്കുന്നതാണ്. ആശുപത്രി കെട്ടിടനിർമ്മാണങ്ങളിലുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനായി മരാമത്ത് വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഒരു യോഗം വിളിച്ച് തീരുമാനമെടുക്കുന്നതാണ്. 1092 ഡോക്ടർമാരെ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി വഴി നിയമിച്ചു. പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ഡോക്ടർമാരുടെ ഷോർട്ടേജുള്ളത്. 1800 പേരുടെ പി.എസ്. സി.ലിസ്റ്റ് നിലവിലുണ്ട്. പി.എസ്.സി.യിൽ വരുന്നവരെ ഡി.എച്ച്.എസ്. നേരിട്ട് നിയമനം നടത്തുന്ന രീതിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. മൂന്നു-നാലു മാസം കൊണ്ട് നിലവിലുള്ള വേക്കൻസികൾ ഫിൽ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജനറൽ ട്രാൻസ്ഫറിന്റെ ഭാഗമായി മൂന്നു വർഷം കഴിയുമ്പോൾ ഡോക്ടർമാരെ സ്ഥലം മാറ്റണമെന്നുള്ളത് നിയമാനുസൃതമായ കാര്യമാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ടുപയോഗിച്ച് കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടുകൂടി കേരളത്തിലെ പല സർക്കാർ ആശുപത്രികളിലും ശുചീകരണപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. തദ്ദേശഭരണം, വിദ്യാഭ്യാസം, ആരോഗ്യം, കൃഷി എന്നീ വകു

പ്പുകൾ സംയുക്തമായിട്ടാണ് മാലിന്യനിർമ്മാർജ്ജനവും കൊതുകു നശീകരണവും നടത്തുന്നത്. പി.എച്ച്.സി.-കളുടെ മെയിന്റനൻസ് വർക്കിനായി 48,39,00,000 രൂപ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടെയും പ്രസിഡന്റിന്റെയും മെഡിക്കൽ ഓഫീസർമാരുടെയും ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. അവ ചെലവഴിക്കുന്നുണ്ടോ എന്ന് ആഡിറ്റർമാർ പരിശോധിക്കുകയും റിപ്പോർട്ട് തരികയും അത് റിവ്യൂ ചെയ്യുകയും ചെയ്യുന്നുണ്ട്. പുലയനാർകോട്ട ആശുപത്രയിലെ നഴ്സിംഗ് അസിസ്റ്റന്റുമാരുടെ കുറവ് ഒരു മാസത്തിനുള്ളിൽ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഹരിപ്പാട് ആശുപത്രിയിൽ കൊതുകുനശികരണത്തിനായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തൃശൂർ ജില്ലാ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. വർക്കല നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ വികസനപ്രവർത്തനങ്ങൾക്കു വേണ്ട നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ ആശുപത്രികളിൽ സൗഹൃദ സമിതികൾ രൂപീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് മുൻകയ്യെടുക്കേണ്ടതാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന ആശുപത്രികളിലെല്ലാം വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യാനുള്ള സ്ഥലം കൂടി ഉൾപ്പെടുത്തിയാണ് മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് ഒരു ഉപ ചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

14.(*122). <u>സ്ത്രീകളുടെ തൊഴിലില്ലായ്മ.</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തൊഴിലന്വേഷകരായ സ്ത്രീകളെ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്നതിനായി അവരുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം (2007-08) മുതൽ 'ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിംഗ് സ്കൂൾ ഫോർ വിമൻ' എന്ന ഒരു നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സാമൂഹ്യക്ഷേമ വകുപ്പ്, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എന്നിവ വഴി ഇത് നടപ്പിലാക്കിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഇതിനായി ബഡ്ജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഇതു കൂടാതെ തൊഴിൽരഹിതരായ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിൽ വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. തൊഴിൽ രഹിതരായ വനിതകളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വനിതാ വികസന കോർപ്പറേഷൻ വിവിധതരം ഹ്രസ്വകാല തൊഴിലധിഷ്ഠിത പരിപാടികളും നടപ്പിലാക്കിവരുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ 12 മഹിളാ മന്ദിരങ്ങളുൾപ്പെടെ 16 വനിതാ ക്ഷേമ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് 2007-08 സാമ്പത്തിക വർഷത്തിൽ ഫിനിഷിംഗ് സ്കൂൾ ഫോർ വിമൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 16 സ്ഥാപനങ്ങളിലെ 441 വനിതകൾക്കാണ് 'സ്റ്റെഡി' -ന്റെ സഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നത്. മേൽപ്പറഞ്ഞ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളേയും മുൻ അന്തേവാസികളേയും

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെയുമാണ് 2007-08-ൽ പരിശീലനം നൽകുന്നതിന് തെരഞ്ഞെടുത്തത്. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിന്റെ സഹായത്തോടെ അഭ്യസ്തവിദ്യരായ 60 കുട്ടികൾക്ക് ഫിനിഷിംഗ് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിയും ആരംഭിച്ചു കഴിഞ്ഞു. പോളിടെക്നിക് വിദ്യാഭ്യാസ പശ്ചാത്തലമുള്ള പെൺകുട്ടികൾക്ക് ജോലി സാധ്യത മെച്ചപ്പെടുത്തുവാൻ വനിതാ വികസന കോർപ്പറേഷൻ മുഖേന ആരംഭിക്കുന്ന വിമൻസ് റിസോഴ്സ് സെന്റർ/ ഫിനിഷിംഗ് സ്കൂൾ വഴി എല്ലാ ജില്ലകളിലേയും പോളിടെക്നിക് വിദ്യാഭ്യാസ പശ്ചാത്തലമുള്ള പെൺകുട്ടികൾക്ക് റസിഡൻഷ്യൽ പരിശീലനം ലഭ്യമാക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, വയനാട് ജില്ലകളിലെ 500 സ്ത്രീകൾക്ക് ബാംബൂ മാറ്റ് നിർമ്മാണത്തിൽ പരിശീലനം നൽകുവാൻ ബാംബൂ ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായി ചേർന്ന് വനിതാ വികസന കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വനിതാ ഐ.ടി.ഐ.കളിൽ ഫിനിഷിംഗ് സ്കൂളുകൾ, ഹാൻഡ്ലൂം വീവിംഗ് ആന്റ് ഡിസൈനിംഗ്, ട്രെയിനിംഗ് ഇൻ ലൈറ്റ് ആന്റ് ഹെവി വെഹിക്കിൾ ഡ്രൈവിംഗ്, ട്രെയിനിംഗ് ഇൻ ഇലക്ട്രോണിക്സ് ഗുഡ്സ് റിപ്പയറിംഗ്, മൾട്ടിപ്പിൾ സ്കിൽ അപ്ഗ്രേഡേഷൻ പ്രോഗ്രാം, പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ഗോൾഡ് ക്രാഫ്റ്റിംഗ് ആന്റ് ജുവലറി ഡിസൈനിംഗ്, ഹോട്ടൽ മാനേജ്മെന്റ് എന്നിവയാണ് വനിതകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ പദ്ധതിയുടെ ഭാഗമായി വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന മറ്റു പരിശീലന പരിപാടികൾ. സാമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതികളിലൂടെ

13,000-ത്തിൽപ്പരം വനിതകൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കായി തൊഴിൽമേഖലയിൽ പ്രത്യേക സംവരണം നിലവിലില്ല. തൊഴിലെടുക്കുന്ന സ്ത്രീകളുടെ താമസസൗകര്യം ഉറപ്പാക്കുന്നതിനായി ഓരോ ജില്ലയിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ജെൻഡർ ഡിസ്ക്രിമിനേഷൻ അവസാനിപ്പിക്കുന്നതിനും തൊഴിൽ മേഖലയിൽ സ്ത്രീകൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനുമാവശ്യമായ നടപടികൾ ഗവണ്മെന്റ് കൈക്കൊണ്ടിട്ടുണ്ട്. തൊഴിൽമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയത്തക്കവിധത്തിൽ സ്ത്രീകൾക്കായി ഒരു വനിതാ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി നിയോഗിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

15(*123 & *140). <u>വിഴിഞ്ഞം തുറമുഖനിർമ്മാണം</u>.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി.ജയകുമാർ) നൽകിയ മറുപടിയിൽ വിഴിഞ്ഞം മദർ പോർട്ടിന്റെ നിർമ്മാണം അട്ടിമറിക്കുന്നതിനുള്ള ശ്രമങ്ങളോ ഇത് സംബന്ധിച്ച ടെണ്ടർ നടപടിയിൽ ഉണ്ടായതായി പറയപ്പെടുന്ന ക്രമക്കേടുകളോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടില്ലെന്നും വിഴിഞ്ഞം പദ്ധതിക്കായി സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനായി 2007 ആഗസ്റ്റ് മാസത്തിൽ അന്താരാഷ്ട്രതലത്തിൽ ദർഘാസ് ക്ഷണിച്ചുവെന്നും സഭയെ അറിയിച്ചു. ദർഘാസ് സ്വീകരിക്കേണ്ട അവസാന തീയതിയായ 31-01-08-ന് 17 സ്വകാര്യ കമ്പനികൾ ഉൾപ്പെട്ട 5 കൺസോർഷ്യങ്ങൾ ദർഘാസ് സമർപ്പിച്ചു.

സർക്കാർ രൂപീകരിച്ച Bid Opening Committee, മേൽ ദർഘാസുകൾ തുറക്കുകയും പ്രാഥമിക പരിശോധനയിൽ യോഗ്യമാണെന്ന് കണ്ടെത്തിയതിനാൽ 5 ദർഘാസുകളും സ്വീകരിക്കുകയും ചെയ്തു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സർക്കാർ രൂപീകരിച്ച Bid Evaluation Committee, മേൽ ദർഘാസുകൾ ഉപദേഷ്ടാക്കളായ IL&FS IDC -യുടെയും സാങ്കേതിക ഉപദേഷ്ടാക്കളായ L&T Ramboll Consulting Engineers-ന്റെയും സഹായത്തോടെ വിശദമായ പരിശോധനയ്ക്കും അവലോകനത്തിനും വിധേയമാക്കി. ഏറ്റവും കുറഞ്ഞ State Debt Support തുക നിർദ്ദേശിച്ച M/s. LANCO Kondappally Power Pvt.Ltd. ലീഡ് മെമ്പറായ കൺസോർഷ്യം സമർപ്പിച്ച ദർഘാസ് സ്വീകരിക്കുവാൻ മേൽ കമ്മിറ്റി ശുപാർശ ചെയ്തു. മേൽ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി കമ്പനിയുടെ ദർഘാസ് കേന്ദ്ര സർക്കാരിന്റെ വിവിധ അനുമതികൾക്ക് വിധേയമായി സ്വീകരിച്ചുകൊണ്ട് 24-05-08-ൽ സർക്കാർ ഉത്തരവായി. കേന്ദ്രസർക്കാരിന്റെ കപ്പൽഗതാഗതം, ആഭ്യന്തരം, പ്രതിരോധം, വിദേശകാര്യം എന്നീ മന്ത്രാലയങ്ങൾക്കും ക്യാബിനറ്റ് സെക്രട്ടേറിയറ്റിനും അനുമതി കൾക്കായി സർക്കാർ കത്തെഴുതി. കേന്ദ്ര സർക്കാരിന്റെ അനുമതികൾ ലഭ്യമായാലുടൻ തന്നെ തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ പങ്കാളിയുമായി കരാർ ഒപ്പുവയ്ക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ നിർമ്മാണത്തിനുവേണ്ടി ലഭിച്ച 5 ദർഘാസുകൾ ബിഡ് ഇവാലു വേഷൻ കമ്മിറ്റി വിശദമായി പരിശോധിച്ചശേഷം യോഗ്യരായി കണ്ടെത്തിയ

വരിൽ ഏറ്റവും കുറഞ്ഞ സ്റ്റേറ്റ് ഡെബ്റ്റ് സപ്പോർട്ട് തുകയുടെ ദർഘാസ് സമർപ്പിച്ച M/s. LANCO Kondappally Power Pvt Ltd, Hyderabad, India ലീഡ് മെമ്പറായ താഴെപ്പറയുന്ന കൺസോർഷ്യം സമർപ്പിച്ച ദർഘാസാണ് കേന്ദ്രസർക്കാരിന്റെ അനുമതിക്ക് വിധേയമായി സർക്കാർ സ്വീകരിച്ചത്.

Lanco Kondappally Power Pvt Ltd, Hyderabad, India
Lanco Infratech Ltd, Hyderabad, India
Pembinnan Redzai Sdn, Bhd, Malaysia

ലൈസൻസ് എഗ്രിമെന്റ് ഒപ്പുവയ്ക്കുന്ന മുറയ്ക്ക് ടെർമിനൽ നിർമ്മാണ ത്തിന്റെ ചുമതല ഇവർക്കു നൽകുന്നതാണ്. കേരളസർക്കാർ അംഗീകരിച്ച സ്വകാര്യപങ്കാളിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചാലുടൻ കൺസോർഷ്യം കരാർ ഒപ്പു വച്ച് 3 വർഷം കൊണ്ട് പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതിയു മായി ബന്ധപ്പെട്ട അനുബന്ധജോലികൾ താഴെപ്പറയുന്നു.

<u>ജലവിതരണം</u>. വെള്ളായണിക്കായൽ സ്രോതസ്സായി വിഴിഞ്ഞം തുറ മുഖത്തേയ്ക്ക് ശുദ്ധജലവിതരണം നടത്തുന്ന പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയുമായി കരാർ ഒപ്പു വച്ചു. ജലശുചീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഹാർബർ എൻജിനീയറിംഗ് വകുപ്പിന്റെ സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ പുരോഗതിയിലാണ്.

<u>റോഡ് ആന്റ് റെയിൽ കണക്ടിവിറ്റി.</u> തുറമുഖത്തെ നാഷണൽ ഹൈവേയും റെയിൽപ്പാതയുമായി ബന്ധിപ്പിക്കാനുള്ള റോഡിനും റയിൽപ്പാതയ്ക്കുമായുള്ള സാധ്യതാപഠനം ഡൽഹി ആസ്ഥാനമായുള്ള 'M/s. RITES' - ൽ നിന്നും ലഭ്യമായി. അത് പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി പുനർസമർപ്പിക്കുവാൻ നിർദ്ദേശിച്ചിരിക്കുക യാണ്.

<u>വൈദ്യുതി വിതരണം</u>. തുറമുഖത്തിനാവശ്യമായ വൈദ്യുതി ലഭ്യമാ ക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതിബോർഡുമായി ചർച്ചകൾ നടത്തിവരുന്നു.

ഈ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ ഏകദേശം 3000 പേർക്ക് പ്രത്യക്ഷമായും വിവിധ മേഖലകളിലായി ഉണ്ടാകുന്ന അനുബന്ധവ്യവസായങ്ങളുമായി ബന്ധപ്പെട്ട് ഒരു ലക്ഷത്തോളം പേർക്ക് പരോക്ഷമായും ജോലി ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(നക്ഷത്രചിഹ്നമിട്ട 124 മുതൽ 139 വരെയും 141 മുതൽ 148 വരേയും 150-ാം നമ്പറും  ചോദ്യങ്ങളിൽ (25) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 954 മുതൽ 1202 വരെയുള്ള ചോദ്യങ്ങളിൽ 146 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)